## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4364** 25.06.2019-ൽ മറുപടിക്ക്

**പട്ടാമ്പി പുലാമന്തോൾ പാത നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ പി.** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പട്ടാമ്പി പുലാമന്തോൾ പാത അവസാനമായി നവീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; നവീകരണ പ്രവൃത്തി ഏതു കമ്പനിയാണ് നടത്തിയത് എന്നും ഏതെല്ലാം പ്രവൃത്തികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിനായി അനുവദിച്ച തുകയും കരാറുകാരൻ കൈപറ്റിയ തുകയും അടക്കമുള്ള വിശദാംശങ്ങളും തീയതി സഹിതം വ്യക്തമാക്കാമോ; | (എ) 05.07.2012-ലെ എസ്.ഇ(കെ) 96/2012 നം. കരാർ പ്രകാരം 15 മാസ കാലയളവിൽ കുദ്രോളി കൺസ്ട്രക്ഷൻസ് എന്ന കമ്പനിയാണ് പട്ടാമ്പി പുലാമന്തോൾ പാതയുടെ നവീകരണ പ്രവൃത്തി ഏറ്റെടുത്തിരുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബില്ലിനായി 3,62,57,011/-രൂപ അനുവദിക്കുകയും നികുതി തുടങ്ങിയ കിഴിവുകൾ കഴിച്ച് 2,39,14,281/-രൂപ കരാറുകാരന് 30.05.2019-ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വിജിലൻസ് കേസ് നടന്നു കൊണ്ടിരിക്കുകയാണെങ്കിലും റോഡിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് ഈ വർഷം പട്ടാമ്പി - പുലാമന്തോൾ റോഡിനനുവദിച്ച പ്രവൃത്തികളുടെ തുകയും വിവരവും ചുവടെ ചേർക്കുന്നു.<br><br>പ്രസ്തുത റോഡിന്റെ കി.മീ 15/250 മുതൽ 19/000 വരെയുള്ള ഭാഗത്തിന്റെ 5 കോടി രൂപയുടെ പ്രവൃത്തി ഏറ്റെടുത്തത് ULCC ആണ്. ഈ ഭാഗത്ത് ബി.എം&ബി.സി പ്രവൃത്തി പൂർത്തീകരിച്ചു. റോഡ് മാർക്കിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. കി.മീ 14/750 മുതൽ 15/250 വരെയും കി.മീ 19/000 മുതൽ 20/000 വരെയും ഉള്ള ഭാഗത്തെ 2.11 കോടി രൂപയുടെ പ്രവൃത്തി ടി.ഷാജി എന്ന കരാറുകാരനാണ് ഏറ്റെടുത്തത്. ഈ ഭാഗത്തിന്റെ ബി.എം പ്രവൃത്തി പൂർത്തീകരിച്ചു. കി.മീ 20/000 മുതൽ 26/350 വരെയുള്ള ഭാഗത്തിന്റെ 10 കോടി രൂപയുടെ പ്രവൃത്തി ടി.എം.അബ്ദുൾഹമീദ് എന്ന കരാറുകാരനാണ് ഏറ്റെടുത്തത്. ഈ ഭാഗത്ത് ജി.എസ്.ബി ലേയിംഗ് വർക്കുകൾ നടന്നു കൊണ്ടിരിക്കുന്നു. |

(ബി) പ്രസ്തുത റോഡിൻെറ പുനർനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിജിലൻസ് കേസിൻെറ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് എന്തെല്ലാം ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി) യും (സി) യും

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ പട്ടാമ്പി - പുലാമന്തോൾ റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കുറ്റാരോപിതർക്കെതിരെ വി.സി.25/15/പി.കെ.ഡി നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ശ്രീ.പി.ഉണ്ണികൃഷ്ണൻ, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(റിട്ടയേർഡ്), പൊതുമരാമത്ത് റോഡ്സ് ഡിവിഷൻ, ഷൊർണ്ണൂർ
2. ശ്രീ.ഇ.എം.വാസുദേവൻ, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ(റിട്ടയേർഡ്), പൊതുമരാമത്ത് റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ
3. ശ്രീ.എം.വിജയകുമാരൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ(റിട്ടയേർഡ്) (മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് റോഡ്സ് ഡിവിഷൻ, പാലക്കാട്)
4. ശ്രീ.ടി.എം.രാഘവൻ, മുൻ തേർഡ് ഗ്രേഡ് ഓവർസിയർ(റിട്ടയേർഡ്), പൊതുമരാമത്ത് റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ
5. ശ്രീ.കെ.വി.അസഫ്, മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് റോഡ്സ്&ബ്രിഡ്ജസ് നോർത്ത് സർക്കിൾ, കോഴിക്കോട്(മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് ഡിവിഷൻ, പാലക്കാട്)
6. ശ്രീ.അബ്ദുറഹ്മാൻ(കോൺട്രാക്ടർ), S/o.മൊഹമ്മദ്, കുദ്രോയിൽ മൻസിൽ, ചേർക്കാല പി.ഒ

വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ 1 മുതൽ 4 വരെയുള്ള കുറ്റാരോപിതർ, 6-ാം കുറ്റാരോപിതൻ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ നടപടി ശിപാർശ ചെയ്തുകൊണ്ട് വസ്തുതാ റിപ്പോർട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. 5-ാം കുറ്റാരോപിതനെതിരെ നടപടികളൊന്നും ശിപാർശ ചെയ്തിട്ടില്ല. വസ്തുതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ